**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2613 13.03.2020 ൽ മറുപടിക്ക്**

## ഫുട്പാത്തുകളിൽ അനധികൃതമായുള്ള വാഹനപാർക്കിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.സി. ജോർജ്** | **ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ദേശീയപാതയടക്കമുള്ള പ്രധാന പാതകൾക്കിരുവശവും കാൽനടയാത്രക്കാർക്കായി ഫുട്പാത്തുകൾ ക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) പൊതുമരാമത്ത് നിരത്തു, ദേശീയപാത വിഭാഗങ്ങൾക്കു കീഴിലുള്ള പ്രധാന റോഡുകളിൽ കാൽനടയാത്രക്കാർക്കായി ഫണ്ട് ലഭ്യത, സ്ഥല ലഭ്യത എന്നിവ അനുസരിച്ച് കാൽനടയാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ ഫുട്ട് പാത്തുകൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാൽനടയാത്രക്കാർ കൂടുതലില്ലാത്ത ഭാഗങ്ങളിൽ നടക്കുവാൻ റോഡിന്റെ ഇരുവശങ്ങളിലും ഷോൾഡറുകൾ ഉണ്ട്. റോഡുകളുടെ നവീകരണത്തോടൊപ്പം സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ഫുട്ട്പാത്തുകൾ കൂടി ഉൾപ്പെടുത്തിയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് രൂപം നൽകി വരുന്നത്. കെ.എസ്.റ്റി.പി, കെ.ആർ.എഫ്.ബി, റിക്ക് എന്നിവയുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളിലും ആവശ്യമുള്ള ഭാഗങ്ങളിൽ ഇത്തരം ഫുട്ട്പാത്തുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്ന പ്രവൃത്തികളിലും ഫുട്ട് പാത്തുകൾ നിർമ്മിക്കുന്നുണ്ട്. |
| ബി) ഫുട്പാത്തുകളിൽ അനധികൃതമായുള്ള വാഹനപാർക്കിംഗ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫുട്ട് പാത്തുകളിലെ അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനായി റോഡുകളിൽ ആവശ്യമായ സൂചന (നോ പാർക്കിംഗ്) ബോർഡുകളും മറ്റ് റോഡ് മാർക്കിംഗുകളും നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | അലക്ഷ്യമായി സ്ഥാപിച്ചിട്ടുള്ള വൈദ്യുത പോസ്റ്റുകളും അനധികൃത വാഹന പാർക്കിംഗും ഫുട്പാത്തുകളിലേക്ക് ഇറക്കിവച്ചിരിക്കുന്ന വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ വിപണന വസ്തുക്കളും മറ്റും ഒഴിവാക്കി കാൽനടയാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | അലക്ഷ്യമായി സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ വൈദ്യുത പോസ്റ്റുകൾ മുഖേനയുള്ള അപകടങ്ങൾ തടയുന്നതിന് 05.10.2019 ലെ സർക്കാർ കത്ത് നം. എച്ച്1/133/2019-പൊ.മ.വ- ൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കെ.എസ്.ഇ.ബി അധികൃതർക്കും തുടർനടപടികൾക്കായി നൽകിയിട്ടുണ്ട്. ഫുട്ട് പാത്തുകളിലേക്ക് ഇറക്കി വച്ചിരിക്കുന്ന കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനായി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടപടി സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**